**റൂളിംഗ്**

1. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

മി. സ്പീക്കർ: 2021 ജൂൺ 1-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ വളരെ കാലതാമസം വരുത്തിയാണ് സഭയുടെ മേശപ്പുറത്ത് വച്ചതെന്നും അപ്രകാരം വച്ച റിപ്പോർട്ടുകൾക്കൊപ്പം ചട്ടം 166 (സി)-യിൽ അനുശാസിക്കും പ്രകാരമുള്ള കാലതാമസപത്രിക സമർപ്പിച്ചിട്ടില്ലെന്നും ഈ നടപടി സഭാ ചട്ടങ്ങളുടെയും മുൻ റൂളിംഗുകളുടെയും ലംഘനമാണെന്നും ഇക്കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് ആവശ്യമാണെന്നുമാണ് ബഹുമാനപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്.

റൂളിംഗ് നൽകുകയാണ് ശ്രീ. പി. ടി. തോമസ്, അങ്ങ് ദയവായി ഇരിക്കു. വളരെ പ്രധാനപ്പെട്ട പ്രശ്നത്തിനുള്ള ഒരു റൂളിംഗാണ്.

ഇക്കാര്യത്തിൽ കാലതാമസമുണ്ടാകാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ മുതലായവയുടെ വാർഷിക റിപ്പോർട്ടുകളും ആഡിറ്റ് റിപ്പോർട്ടുകളും സഭയുടെ

മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ചട്ടം 166 (സി)-യും ഇക്കാര്യത്തിൽ മുൻ സ്പീക്കർമാരിൽനിന്നും ഉണ്ടായിട്ടുള്ള റൂളിംഗുകളും ചെയർ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട സ്ഥാപനങ്ങളുടെ അപ്രകാരമുള്ള റിപ്പോർട്ടുകൾ അതാത് സാമ്പത്തിക വർഷം പൂർത്തിയാക്കിയതിനുശേഷം ഒൻപത് മാസത്തിനുള്ളിലും, വാർഷിക റിപ്പോർട്ടുകൾ മാത്രം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിലും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. അതിന് കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് കൂടി റിപ്പോർട്ടുകളോടൊപ്പം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്നും ചട്ടം 166 (സി)-യിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും ജാഗ്രത പുലർത്തേണ്ട ആവശ്യകത സംബന്ധിച്ച് 01-07-2019-ന് ചെയറിൽനിന്നും റൂളിംഗ് ഉണ്ടായിട്ടുള്ളതുമാണ്. പ്രസ്തുത റൂളിംഗിന്റെ അടിസ്ഥാനത്തിൽ പാർലമെന്ററികാര്യ വകുപ്പ് ഇക്കാര്യത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.

വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നുവെന്ന പരാതി വീണ്ടും വീണ്ടും ഉയർന്നുവരുന്ന സാഹചര്യത്തിൽ

ഇനിമുതൽ കാലതാമസം വരുത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം മാത്രമേ നിയമസഭാ സെക്രട്ടേറിയറ്റിൽ സ്വീകരിക്കാൻ പാടുള്ളുവെന്ന് ചെയർ റൂൾ ചെയ്യുന്നു. അതോടൊപ്പം അപ്രകാരം ലഭിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് യുക്തമായ ശിപാർശകൾ സമർപ്പിക്കുവാൻ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി തയ്യാറാകേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ (directions) ഉടൻ തന്നെ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

## 2. <u>വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സബ്ജക്ട് കമ്മിറ്റികൾ ജൂലൈ ആദ്യവാരത്തോടെ പൂർത്തീകരിക്കുമെന്നും അതിനുശേഷം സഭയ്ക്ക് പ്രസ്തുത ധനാഭ്യർത്ഥനകൾ ജൂലൈ മദ്ധ്യത്തോടെ പാസ്സാക്കാൻ കഴിയുമെന്നും ആയതിനാൽ സഭ ഇന്ന് ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള വോട്ട് ഓൺ അക്കൗണ്ട് പരിഗണിക്കേണ്ടതുണ്ടോയെന്നതാണ് ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ക്രമപ്രശ്നം.

സഭ മുമ്പാകെ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കപ്പെടുന്നത് ഭരണഘടനയുടെ അനുച്ഛേദം 206 പ്രകാരമാണ്. ഏതെങ്കിലും സാമ്പത്തിക

വർഷത്തിന്റെ ഒരു ഭാഗത്തിനുള്ള അടങ്കൽ ചെലവ് സംബന്ധിച്ച് ഏതെങ്കിലും സഹായധനത്തിനുള്ള വോട്ട് ചെയ്യലിന് 203, 204 അനുച്ഛേദങ്ങളിലെ വ്യവസ്ഥകളുടെ പാലനത്തിന് വിധേയമായി സഭയ്ക്ക് അധികാരമുണ്ട് എന്ന് അനുച്ഛേദം 206 വ്യവസ്ഥ ചെയ്യുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 2021 ജൂൺ 4-നാണ് 2021 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ മൂന്ന് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് നേടുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചത്. വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കപ്പെട്ടത് ഭരണഘടനാപരമായ അധികാരങ്ങൾ വിനിയോഗിച്ചാണെന്നുള്ളത് മനസ്സിലാക്കാവുന്നതാണ്.

സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി ജൂലൈ മാസത്തോടെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്നതിനുതകുന്ന രീതിയിലാണ് സമയപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. എങ്കിലും കോവിഡ് മഹാമാരിയുടെ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ സഭാ സമ്മേളനം ചേരുന്നതിലെ അനിശ്ചിതത്വം കണക്കിലെടുത്ത് ഉണ്ടായേക്കാവുന്ന ഏതെങ്കിലും തരത്തിലുള്ള ഒരു ഭരണഘടനാ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള ഒരു മുൻകരുതലായിട്ടാണ് ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മൂന്ന് മാസത്തേയ്ക്ക്

വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുന്നതും പാസ്സാക്കുന്നതും. ഇതിൽ യാതൊരുവിധ ചട്ട വിരുദ്ധതയും അനൗചിത്യവും ഇല്ലന്നാണ് കാണുന്നത്.

കൂടാതെ പതിമൂന്നാം കേരള നിയമസഭയിലും പതിനാലാം കേരള നിയമസഭയിലും യഥാക്രമം 2011-12 സാമ്പത്തിക വർഷത്തിലും 2016-17 സാമ്പത്തിക വർഷത്തിലും ആദ്യത്തെ ഏഴ് മാസത്തെ കാലയളവിലേയ്ക്കുള്ള സർക്കാർ ചെലവുകൾ നേരിടുന്നതിനായി രണ്ട് വോട്ട് ഓൺ അക്കൗണ്ടുകൾ പാസ്സാക്കിയിട്ടുള്ള കീഴ്‌വഴക്കം നമ്മുടെ സഭയിൽ ഉണ്ടായിട്ടുണ്ടെന്ന കാര്യവും ഇത്തരുണത്തിൽ ചെയർ സഭയെ അറിയിക്കുന്നു. അതിനാൽ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## 4. <u>സഭാതലത്തിൽ വരുന്നതിനുമുമ്പ് സമൂഹമാധ്യമങ്ങളിൽ ഉത്തരം പ്രചരിച്ചത് സംബന്ധിച്ച്</u>

സഭയുടെ നടപ്പുസമ്മേളനത്തിൽ 2021 ജൂൺ 7-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് താനും ബഹുമാന്യരായ ശ്രീ. പി. കെ. ബഷീർ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. പി. എ. മജീദ് എന്നീ അംഗങ്ങളും ചേർന്ന് നോട്ടീസ് നൽകിയ നക്ഷത്രച്ചിഹ്നമിടാത്ത 99-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി സഭാതലത്തിൽ വരുന്നതിനുമുമ്പായി സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചതായും ഇത് സഭാ നടപടി ചട്ടം 47(3) ന്റെ ലംഘനവും അംഗങ്ങളോടും സഭയോടുമുള്ള

അനാദരവും ആകയാൽ ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചത്.

ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലൊരു ആക്ഷേപം ഉയർന്നുവരാനുണ്ടായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുതി നൽകിയ മറുപടിയുടെകൂടി അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.

സഭയുടെ ഓരോ സമ്മേളന ദിനങ്ങളിലേയ്ക്കും ഷെഡ്യൂൾ ചെയ്തിട്ടുള്ള നിയമസഭാ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും തലേദിവസം വൈകുന്നേരം 5.00 മണിവരെ ലഭ്യമാക്കുന്ന ഉത്തരങ്ങൾ ചോദ്യ ദിവസം ചോദ്യോത്തരവേള അവസാനിച്ചാലുടൻ നിയമസഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. എന്നാൽ അപ്രകാരം തലേദിവസം വൈകുന്നേരം 5.00 മണിക്കുശേഷവും ചോദ്യ ദിവസം വൈകുന്നേരം 4.00 മണിവരേയും ലഭ്യമാകുന്ന ഉത്തരങ്ങൾ ലേറ്റ് ആൻസർ ബുള്ളറ്റിൻ വഴി പ്രസിദ്ധീകരിക്കുകയും തൊട്ടടുത്ത ദിവസം നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

ഇതാണ് ചോദ്യങ്ങൾക്കുള്ള മറുപടികൾ ലഭ്യമാക്കുന്ന കാര്യത്തിൽ പൊതുവായി സ്വീകരിച്ചുവരുന്ന നടപടിക്രമം.

മദ്രസാ അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ച 2021 ജൂൺ 7-ാം തീയതിയിലെ നക്ഷത്രച്ചിഹ്നമിടാത്ത 99-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം ബന്ധപ്പെട്ട സർക്കാർ വകുപ്പ് ഇ-നിയമസഭാ പോർട്ടലിൽ ലഭ്യമാക്കിയത് 7-ാം തീയതി വൈകുന്നേരം 4.00 മണിക്കുശേഷമായിരുന്നു. ഈ ഉത്തരം 8-ാം തീയതിയിലെ 33-ാം നമ്പർ ലേറ്റ് ആൻസർ ബുള്ളറ്റിനിൽ ഉൾപ്പെടുത്തുകയും 9-ാം തീയതി ഉച്ചയോടെ നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ഉന്നയിച്ച പത്ര വാർത്തയിലെ പ്രസക്തഭാഗം ഇനിപ്പറയും പ്രകാരമായിരുന്നു.

"നിയമസഭയിൽ ഹാജരാക്കാനായി ന്യൂനപക്ഷക്ഷേമ വകുപ്പിൽനിന്ന് മുഖ്യമന്ത്രിക്ക് നൽകിയ മറുപടി ചോർന്നു. എം.എൽ.എ.-മാരുടെ ചോദ്യവും വകുപ്പിന്റെ മറുപടിയും അതേപടി സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കപ്പെട്ടു". എന്നാൽ യഥാർത്ഥത്തിൽ മേൽപ്പറഞ്ഞ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അംഗീകരിച്ച് നിയമസഭയ്ക്ക് ലഭ്യമാക്കിയ ഉത്തരമല്ല സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചതെന്നും നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കുന്നതിനായി

ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് അയച്ചുകൊടുത്ത വിവരണം മാത്രമാണ് സമൂഹമാധ്യമങ്ങളിലൂടെ പുറത്തുവന്നതെന്നുമാണ് പരിശോധനയിൽ വെളിവായിരിക്കുന്നത്.

ഏറെ ഗൃഹപാഠം നടത്തി എഴുതി സമർപ്പിക്കുന്ന നിയമസഭാ ചോദ്യങ്ങൾക്ക് നിയമസഭാതലത്തിൽത്തന്നെ ഉത്തരം ലഭിക്കുവാനുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രത്യേക അവകാശത്തിന് പ്രത്യക്ഷത്തിൽ ലംഘനം ഉണ്ടായിട്ടില്ലെങ്കിൽക്കൂടി അങ്ങേയറ്റം അനുചിതമായ ഒരു നടപടി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായതായി ചെയർ നിരീക്ഷിക്കുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ഇത്തരം പ്രവണതകൾ ഇനിമേൽ ആവർത്തിക്കപ്പെടാതിരിക്കുവാനായി സർക്കാർ ഇതുസംബന്ധിച്ച് സമഗ്രമായ ഒരു വകുപ്പുതല അന്വേഷണം നടത്തണമെന്നും വീഴ്ച വരുത്തിയവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.